I ഇ.ബി. XIII – കേരള നിയമസഭ/I-14

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ജൂലൈ 18, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

### ക്രഷർ യൂണിറ്റിലെ അപകടം

മി.സ്പീക്കർ: 16-07-2011-ന് മലപ്പുറം ജില്ലയിലെ വേങ്ങര ഊരകംമലയിൽ ക്രഷർ യൂണിറ്റ് നിർമ്മാണത്തിനിടയിൽ സംരക്ഷണഭിത്തി തകർന്ന് നാലുപേർ മരണമടഞ്ഞതിനെത്തുടർന്ന് ആ പ്രദേശത്തുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ, ഡോ. കെ.ടി. ജലീൽ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): വേങ്ങര പോലീസ് സ്റ്റേഷൻ പരിധിയിലെ കിളിനക്കോട് പുതുതായി നിർമ്മിക്കുന്ന ക്രഷർ യൂണിറ്റിന്റെ

സംരക്ഷണഭിത്തി 16-07-2011-ന് ഇടിഞ്ഞുവീണതിനെത്തുടർന്ന് ഒരു ബംഗാളി ഉൾപ്പെടെ നാല് തൊഴിലാളികൾ മരണപ്പെട്ടു. സംഭവം ഉണ്ടായ ഉടൻ പോലീസും സി.ഐ.എസ്.എഫ്.-ന്റെ ദുരന്ത നിവാരണ സേനയും ഫയർ ഫോഴ്സും രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ഈ സംഭവം സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ട്. മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ബംഗാൾ സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിക്കുകയും കളക്ടറുടെ നേതൃത്വത്തിൽ അടിയന്തിര സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്ന് പരമാവധി സഹായം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിച്ചിട്ടുണ്ട്. അപകടങ്ങളെക്കുറിച്ച് പരിശോധിക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ഇതു സംബന്ധിച്ച് കോടതി ഉത്തരവുകളും നിലവിലുണ്ട്. അനധികൃതമായി പാറപൊട്ടിക്കൽ നടത്തി മലയും മറ്റും ഇടിച്ചുനിരത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്. അതേസമയം നിർമ്മാണ മേഖല നിലച്ചു പോയാൽ തൊഴിൽ നഷ്ടപ്പെടുകയും ജനജീവിതത്തെ ബാധിക്കുകയും ചെയ്യും. നിലവിലുള്ള സ്ഥിതി തുടരുന്നത് സംസ്ഥാനത്തിന്റെ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും. ഇതുസംബന്ധിച്ച് സർക്കാർ ഒരു നയംതന്നെ രൂപീകരിക്കേണ്ടതുണ്ട്. ഈ വിഷയം ഇപ്പോൾ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>ഡോ. കെ.ടി. ജലീൽ</u>: മലപ്പുറം ജില്ലയിലെ ഊരകം മലയിലെ ക്വാറിയോടനുബന്ധിച്ച ക്രഷർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അധികൃതരുടെ അനുമതിയോടേയും അല്ലാതേയും

നിരവധി ക്വാറികൾ ഊരകം മലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്വാറികളിൽ അപകടങ്ങളുണ്ടായി ഇതിനുമുമ്പും ധാരാളം തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വളരെ ഗുരുതരമായി കാണേണ്ടതുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ മരണമടയുമ്പോൾ അവരുടെ കുടുംബങ്ങൾക്ക് നാമമാത്രമായ നഷ്ടപരിഹാരം നൽകി കേസ് ഒതുക്കിത്തീർക്കുകയാണ് പതിവ്. പക്ഷേ ഇപ്പോൾ നടന്ന സംഭവത്തിൽ മൂന്ന് മലയാളികൾ മരണപ്പെട്ടതിനാൽ പത്രങ്ങൾ വേണ്ട പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ വർക്ക്മെൻസ് കോംപൻസേഷൻ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്തതുകൊണ്ട് ഇവർക്ക് പരിരക്ഷ നൽകുകയെന്നത് സർക്കാരിന്റെ ബാധ്യതയാണ്. അശാസ്ത്രീയമായ ക്വാറി പ്രവർത്തനങ്ങൾ പരിസ്ഥിതി സന്തുലനത്തെ അട്ടിമറിക്കുകയും വൻദുരന്തങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. ദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് കുറഞ്ഞത് പത്ത് ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണം. സ്വന്തം ജീവൻ പണയപ്പെടുത്തി പണിചെയ്യുന്ന ക്വാറി മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും പത്ത് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തണം. താൽക്കാലിക തൊഴിലാളികളെ വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

<u>ശ്രീ. സി. മോയിൻകുട്ടി</u>: ദുരന്തത്തിനിരയാവരുടെ കുടുംബങ്ങളുടെ ദയനീയ സ്ഥിതി പരിഗണിച്ച് പരമാവധി സഹായം ലഭ്യമാക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ക്വാറി നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ ലംഘിച്ചും ആവശ്യമായ ലൈസൻസുകൾ ഇല്ലാതെയും പ്രവർത്തിച്ച ക്രഷർ യൂണിറ്റിനെതിരെ കേസെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കാതെ സംസ്ഥാനത്തെ ക്വാറിപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതുസംബന്ധിച്ച് ആൾ പാർട്ടി തലത്തിൽ ചർച്ച ചെയ്ത് ഒരു നയരൂപീകരണം നടത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നതിനാൽ പ്രസ്തുത വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലപ്പുറം ജില്ലയിൽ ക്രഷർ യൂണിറ്റ് തകർന്നുണ്ടായ അപകടവും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമായ സാഹചര്യവും പരിശോധിച്ചശേഷം ഇത്തരം സംഭവങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി പരിശോധിക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം ഗവൺമെന്റിൽനിന്നുള്ള സഹായം എത്രയുംവേഗം എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രകൃതി സമ്പത്തുകളുടെ സംരക്ഷണവും കാര്യക്ഷമമായ ഉപയോഗവും സംബന്ധിച്ച് പ്രതിപക്ഷവുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മലപ്പുറം ജില്ലയിൽ ക്രഷർ യൂണിറ്റ് നിർമ്മാണത്തിനിടയിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി തകർന്നുവീണ് അന്യസംസ്ഥാന തൊഴിലാളി ഉൾപ്പെടെ നാലുപേർ മരണപ്പെട്ട സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാ

തിരിക്കാനുള്ള പ്രതിവിധി കണ്ടെത്തണം. മരണപ്പെട്ടവരുടെ കുടുംബ ങ്ങൾക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച ചർച്ചകളിൽ സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>വിദ്യാഭ്യാസ വായ്പ</u>

<u>ശ്രീ. സാജു പോൾ</u>: സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ് നൽകേണ്ടതും തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കേണ്ടതും അത്യാവശ്യമാണ്. വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ കുട്ടികളെയും രക്ഷിതാക്കളെയും പലിശ സബ്സിഡി നൽകി സംരക്ഷിക്കണം. വിദ്യാഭ്യാസവും തൊഴിൽലഭ്യതയും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും വിദേശങ്ങളിൽപോലും തൊഴിലവസരങ്ങൾ കുറയുക യുമാണ്. നാല് ലക്ഷം രൂപ വരെ യാതൊരു ഈടും വാങ്ങാതെ വിദ്യാഭ്യാസ വായ്പ നൽകണമെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്ക്കർഷിക്കുമ്പോൾ ബാങ്കുകൾ അർഹമായ വായ്പ നിഷേധിക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ സ്വകാര്യ ബാങ്കുകളും ന്യൂ ജനറേഷൻ ബാങ്കുകളും ധാരാളം നിക്ഷേപം സമാഹരിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ വിമുഖത കാണിക്കുന്നു. 2009-10-ലെ കേന്ദ്ര ബഡ്ജറ്റിൽ നാലര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥി കൾക്ക് നാല് ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പയിൽ സമ്പൂർണ്ണ പലിശയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥികൾക്കും ഇതിന്റെ ആനുകൂല്യം മുൻകാല പ്രാബല്യത്തോടുകൂടി നൽകുവാനും

വിദ്യാഭ്യാസ വായ്പ നൽകിയിട്ടുള്ള കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് പലിശ സബ്സിഡി നൽകാനുമാവശ്യമായ തുടർനടപടികൾ സ്വീകരിക്കണം. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഒരു സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): വിദ്യാഭ്യാസ വായ്പ പൂർണ്ണമായും കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ്. ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷന്റെ നിർദ്ദേശാനുസരണം കേന്ദ്ര ഗവൺമെന്റ് ശേഷം നൽകിയ വിദ്യാഭ്യാസ വായ്പകൾക്ക് പലിശയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്. പന്ത്രണ്ടാം ക്ലാസ് പഠനത്തിനുശേഷം യു.ജി.സി.-എ.ഐ.സി.റ്റി.ഇ. അംഗീകാരമുള്ള സാങ്കേതിക പ്രൊഫഷണൽ കോഴ്സുകൾക്ക് പഠന കാലാവധിയും മൊറട്ടോറിയം കാലാവധിയും കഴിഞ്ഞ് ഒരു കൊല്ലം അല്ലെങ്കിൽ ജോലി കിട്ടി ആറ് മാസം വരെ ഈ വായ്പയ്ക്ക് പലിശ കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഇത്തരത്തിൽ സബ്സിഡി ലഭിക്കാനുള്ള വ്യവസ്ഥ അനുസരിച്ച് വായ്പയെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം നാലര ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഷെഡ്യൂൾഡ് ബാങ്കിന് നൽകുന്ന ഈ ആനുകൂല്യം സഹകരണ മേഖലയ്ക്കും അനുവദിക്കുന്നതിനും മുൻകാല പ്രാബല്യത്തോടുകൂടി പലിശയിളവ് അനുവദിക്കുന്നതിനും തിരിച്ചടവ് വ്യവസ്ഥ ഉദാരമാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിന് മുഖ്യമന്ത്രി മുൻകൈ എടുക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ വായ്പയിലെ പലിശയുടെ നഷ്ടം സഹിക്കുന്നത് കേന്ദ്ര ഗവൺമെന്റായതുകൊണ്ട് ഈ സ്ക്കീം സഹകരണ മേഖലയിൽ കൂടി എക്സ്റ്റന്റ് ചെയ്യണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനോട് ഉന്നയിച്ചിട്ടുണ്ട്. മുൻകാല പ്രാബല്യവും പലിശ യിളവും അനുവദിക്കണമെന്ന ആവശ്യവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (2) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഫലപ്രദമായി ഏകോപിപ്പിച്ച് നടപ്പിലാക്കാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നൽകുന്ന സ്കോളർഷിപ്പുകളും മദ്രസ്സാ നവീകരണത്തിനുള്ള ഫണ്ടും വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് മൗലാനാ ആസാദ് ഫൗണ്ടേഷൻ മുപ്പതുലക്ഷം രൂപവരെ ധന സഹായം നൽകുന്ന പദ്ധതിയും മൽസരപരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയുമുണ്ട്. കേരളത്തിൽ വിവിധ വകുപ്പുകൾ വഴി ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനാൽ അർഹരായ പല സമുദായങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ലെന്നു മാത്രമല്ല ഓരോ വകുപ്പിനും ലഭിച്ച പദ്ധതികൾ നടപ്പാക്കുന്നുണ്ടോയെന്ന് അറിയാനും സംവിധാനമില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ന്യൂനപക്ഷ ക്ഷേമത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികൾ ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പ്രവർത്തനം ഊർജ്ജിത പ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി) : വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ന്യൂപക്ഷ ക്ഷേമസംബന്ധമായ കാര്യങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് പൊതുഭരണ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ കൊണ്ടുവന്നുവെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. ന്യൂനപക്ഷ ജനവിഭാഗങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിലെ വികസനപ്രവർത്തനങ്ങൾ നടത്താനാവശ്യമായ ഫണ്ട് ഇപ്പോൾ ലഭ്യമാണ്. ന്യൂനപക്ഷ കേന്ദ്രങ്ങളിലെ എല്ലാ ജനവിഭാഗങ്ങൾക്കും പൊതുവായി ഉപകാരപ്പെടുന്ന പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ കേന്ദ്രത്തിന് ലഭ്യമാകുന്ന ഫണ്ടിലൂടെ ചെയ്യാൻ കഴിയും. ഈ വകുപ്പിനെ കൂടുതൽ കാര്യ ക്ഷമമാക്കാനും ശക്തിപ്പെടുത്താനും കഴിയുന്ന തരത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

**സബ്മിഷൻ**

## (1) വർക്കലയിൽ സലീമിന്റെ തിരോധാനം

ശ്രീ. വർക്കല കഹാർ: വർക്കല തോക്കാട് സലീം മൻസിലിൽ സലീമിനെ തട്ടിക്കൊണ്ടുപോയ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വർക്കല തോക്കാട് സലീം മൻസിലിൽ സലീമിനെ 09-07-2011 മുതൽ കാണാനില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മാൻ മിസ്സിംഗിന് കേസെടുത്ത് അന്വേഷണം നടത്തുകയും ചാത്തൻപാറയിൽ സലീമിന്റെ കാറ് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് അന്വേഷിച്ച് പ്രതികളെ കണ്ടുപിടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) <u>വി.ബി. ഉണ്ണിത്താൻ വധശ്രമക്കേസ്</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ഉന്നത പോലീസുദ്യോഗസ്ഥർ പ്രധാന പ്രതികളായ വി.ബി. ഉണ്ണിത്താൻ വധശ്രമക്കേസന്വേഷണം മുൻ സർക്കാർ ക്രൈംബ്രാഞ്ചിന് കൈമാറിയിരുന്നുവെങ്കിലും ഡിവൈ. എസ്.പി. സന്തോഷ് നായരെ മാത്രമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. ഈ കേസിലെ ഒന്നാം പ്രതിയായ ഹാപ്പി രാജേഷ് കൊല്ലപ്പെട്ടതിനാൽ കേസന്വേഷണം വഴിമുട്ടി നിൽക്കുകയാണ്. പ്രസ്തുത കേസ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): മാതൃഭൂമി ലേഖകൻ വി. ബി. ഉണ്ണിത്താൻ വധശ്രമക്കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ച് ഡിവൈ.എസ്.പി. സന്തോഷ് നായർ അടക്കം 9 പ്രതികളെ അറസ്റ്റ് ചെയ്യുകയും സന്തോഷ് നായരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസിലെ ഒന്നാം പ്രതി ഹാപ്പി രാജേഷ് കൊല്ലപ്പെട്ടതുസംബന്ധിച്ച കേസിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കുറ്റം ചെയ്ത ഒരാളും രക്ഷപ്പെടാത്തവിധത്തിൽ പ്രസ്തുത കേസ്സിന്റെ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

## (3) <u>മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുത്ത് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററിന്റെ പദവിയിലേക്ക് ഉയർത്തുന്നതിനായി 30-06-2011-ൽ കേന്ദ്ര സർക്കാരിന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ക്യാൻസർ സെന്ററിന്റെ വികസനത്തിനായി പദ്ധതി-പദ്ധതിയേതര ചെലവുകളിലും 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ ഭാഗമായും നീക്കിവച്ച തുകകൾ ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### (4) നിക്ഷേപ പിരിവുകാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. മുരളീധരൻ: വായ്പാ സഹകരണ സംഘങ്ങളിലും ബാങ്കുകളിലും ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനും ഇതുസംബന്ധിച്ച രാധാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): പൊതു നിക്ഷേപ സമാഹരണ രംഗത്ത് സേവനമനുഷ്ഠിക്കുന്ന വായ്പാ -നിക്ഷേപ പിരിവുകാരുടെ സേവന- വേതന വ്യവസ്ഥ പരിഷ്ക്കരിച്ചുകൊണ്ടുള്ള സർക്കാരിന്റെ 2009-ലെ ഉത്തരവുപ്രകാരം പ്രതിമാസം നൽകുന്ന തുക അയ്യായിരം രൂപയായും വിരമിക്കൽ പ്രായം 70 വയസ്സായും ഉത്സവബത്ത 2,250 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സമാഹരിക്കുന്ന ഏജന്റുമാർക്ക് സംഘംതലത്തിലും ജില്ലാതല ത്തിലും രണ്ടായിരം രൂപവീതവും സംസ്ഥാനതലത്തിൽ പതിനായിരം രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്. കമ്മീഷൻ ഏജന്റുമാർക്കുള്ള

ചികിത്സാസഹായം 20,000 രൂപയായും ആശ്രിതർക്ക് നൽകിവരുന്ന മരണാനന്തര ധനസഹായം 50,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ 2010-ലെ ഉത്തരവ് പ്രകാരം ചിക്കുൻഗുനിയ, ഗർഭപാത്രം നീക്കം ചെയ്യൽ, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ ചികിത്സയ്ക്കായി പതിനായിരം രൂപ അനുവദിക്കുകയും ഈ വിഭാഗത്തിൽപ്പെട്ടവരെ കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### (5) ഇരിങ്ങാലക്കുടയിൽ വ്യവസായ പാർക്ക്

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുടയിലെ പടിയൂർ പഞ്ചായത്തിൽ കിൻഫ്ര കണ്ടെത്തിയ നാൽപ്പത് ഏക്കർ സ്ഥലത്ത് ഒരു വ്യവസായ പാർക്ക് തുടങ്ങുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇരിങ്ങാലക്കുടയിലെ പടിയൂരിൽ വ്യവസായ പാർക്ക് ആരംഭിക്കണമെന്നത് നിലവിലുള്ള ഒരു പ്രൊപ്പോസലാണ്. അവിടെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതുസംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത് ജില്ലാ കളക്ടറും മറ്റുദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതാണ്.

### (6) പട്ടയ ഭൂമിയിന്മേൽ ഭൂ നികുതി പിരിക്കുവാനുള്ള നടപടി

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം താലൂക്കിൽ പട്ടയം ലഭിച്ചിട്ടുള്ള ആളുകൾക്ക് കരമടച്ച രസീത് ഹാജരാക്കി ബാങ്ക് ലോൺ പുതുക്കാൻ സാധിക്കാത്തതിനാൽ അവരുടെ വീടും കൃഷിഭൂമിയും നഷ്ടപ്പെടുന്ന

സാഹചര്യം കണക്കിലെടുത്ത് എത്രയും വേഗം ഭൂനികുതി സ്വീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ദേവികുളം താലൂക്കിലെ വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുള്ള പട്ടയങ്ങളിൽ വ്യാജപട്ടയങ്ങളും കടന്നുകൂടിയിട്ടുള്ളതിനാൽ പട്ടയങ്ങളുടെ പുന:പരിശോധന നടത്തി ഉത്തരവായശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ എന്ന മുൻ സർക്കാരിന്റെ ഉത്തരവിൻ പ്രകാരം പുന:പരിശോധന നടന്നുവരുന്നു. കെ.ഡി.എച്ച്. കമ്പനിക്ക് പാട്ടത്തിനുകൊടുത്ത സ്ഥലങ്ങളിൽ വിവിധ ആളുകൾക്ക് ആധാരം റിന്യൂ ചെയ്ത് കൊടുത്തിട്ടുള്ള സ്ഥലത്ത് സ്പെഷ്യൽ ഗ്രാന്റ് തണ്ടപ്പേരിൽ നികുതി സ്വീകരിച്ചുവരുന്നു. കെ.ഡി.എച്ച്. ആക്ട് പ്രകാരം പ്രസ്തുത സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം ക്രമപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച് നിയമാനുസരണം ലഭിച്ച വസ്തുവിന് റവന്യൂ റെക്കോർഡുകൾ സമ്പാദിക്കാവുന്നതാണ്. ദേവികുളം താലൂക്കിൽ 1999-ൽ നൽകിയിരുന്ന അഞ്ഞൂറിൽപ്പരം പട്ടയങ്ങൾക്ക് കരം സ്വീകരിക്കുന്നത് സംബന്ധിച്ച പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്.

(7) ഗ്രാമീണ ജല വൈദ്യുത പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: മങ്കടയിൽ മൂർക്കനാട് പഞ്ചായത്തിലെ നിലാപറമ്പ് കേന്ദ്രമാക്കി കൊടിതല ജലവിതരണ പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിനുള്ള ട്രീറ്റുമെന്റ് പ്ലാന്റിനും ഗ്രാവിറ്റിലൈനിനും ആവശ്യമായ അഡീഷണൽ എ.എസ്. ലഭ്യമാക്കുന്നതിനും എസ്.എൽ. എസ്.സി. വഴിലഭിച്ച കേന്ദ്ര സർക്കാർ വിഹിതമായ 5.8 കോടി രൂപയുടെ എ. എസ്. നൽകുന്നതിനും നടപടി സ്വീകരിക്കണം. ടെക്നിക്കൽ മെമ്പറും വാട്ടർ

അതോറിട്ടി എം.ഡി.യും സ്ഥലം എം.എൽ.എ.യും ചേർന്ന് ഇക്കാര്യം അവലോകനം ചെയ്യുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : മങ്കട നിയോജക മണ്ഡലത്തിൽ 5 ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട മൂർക്കനാട് ഗ്രാമീണ ജലവിതരണ പദ്ധതിക്ക് ആദ്യഘട്ടത്തിൽ 28.75 കോടി രൂപയ്ക്കും പിന്നീട് 5.8 കോടി രൂപയ്ക്കുമാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. ഇവിടത്തെ കിണർ, പമ്പ് ഹൗസ് എന്നിവയുടെ പണി പൂർത്തിയാക്കുകയും റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി 3.5 കിലോമീറ്റർ പൂർത്തീകരിക്കുകയും 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. ഈ പദ്ധതിയുടെ എല്ലാ ഘട്ടങ്ങൾക്കുംവേണ്ട ടാങ്കുകളുടെ പണിയും ആരംഭിച്ചിട്ടുണ്ട്. പൊതു ഘടകമായ ട്രാൻസ്ഫോർമറിന് അധിക നിരക്ക് ക്വാട്ട് ചെയ്തതുമൂലം ടെണ്ടർ റദ്ദാക്കി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൂർക്കനാട് ഗ്രാമീണ കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (8)റെയിൽവേ ഓവർ ബ്രിഡ്ജും ബൈപ്പാസ് റോഡും

ശ്രീ. വി. ശശി : ചിറയിൻകീഴ് റെയിൽവേ ഓവർബ്രിഡ്ജിനും ശാർക്കര-മഞ്ചാടിമൂട് ബൈപ്പാസ് നിർമ്മാണത്തിനുമാവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്കിലുൾപ്പെടുത്തി ഏറ്റെടുക്കുന്നതിനും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : ചിറയിൻകീഴ് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 04-08-2009-ലെ ഉത്തരവുപ്രകാരം 500 ലക്ഷം രൂപയും ഇതിനാവശ്യമായ 50.82

ആർ. സ്ഥലം ഫാസ്റ്റ് ട്രാക്കിലുൾപ്പെടുത്തി ഏറ്റെടുക്കുന്നതിനായി 01-03-2011 -ലെ ഉത്തരവുപ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. റവന്യു അധികൃത രുമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. ശാർക്കര-മഞ്ചാടിമൂട് ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ അനന്തര നടപടികൾ പുരോഗ മിച്ചുവരുന്നു.

## (9)കാര്യവട്ടം ക്യാംപസ്സിലെ ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ

ശ്രീ. ഹൈബി ഈഡൻ : കേരള സർവ്വകലാശാലയുടെ കീഴിലുള്ള കാര്യവട്ടം ക്യാമ്പസ്സിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ മേൽത്തട്ടിന്റെ ഒരുഭാഗം ഇടിഞ്ഞുവീണ് ഒരു വിദ്യാർത്ഥിക്ക് പരിക്കുപറ്റിയ സാഹചര്യത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും അടിസ്ഥാനസൗകര്യ വികസനത്തിനായി 25 ലക്ഷം രൂപയെങ്കിലും അനുവദിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ ഗവേഷക വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി നടത്തുവാനാവശ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥിനികൾക്കുവേണ്ടി സർക്കാരിന്റെ ധനസഹായത്തോടുകൂടി പുതിയ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിനുള്ള നടപടികളും സർവ്വകലാശാലയിലെ പഴക്കമേറിയ എല്ലാ കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിനായി സർക്കാർ 2 കോടി

60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർവ്വകലാശാലയോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കാര്യങ്ങൾ പരിശോധിക്കു ന്നതാണ്.

## (10) <u>ആൾട്ടർനേറ്റീവ് സ്കൂൾ അധ്യാപകരുടെ കരാർ പുതുക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സംസ്ഥാനത്തെ ആദിവാസി-പിന്നോക്ക മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ആൾട്ടർനേറ്റീവ് വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ 2011-12 സാമ്പത്തിക വർഷത്തിലെ കരാർ പുതുക്കാനും അവർക്ക് സ്ഥിരനിയമനം നൽകി ജീവിതസുരക്ഷ ഉറപ്പാക്കാനും അലവൻസ് വർദ്ധിപ്പിച്ച് നൽകാനും പാവപ്പെട്ട കുട്ടികൾക്ക് പഠനത്തിനുള്ള സാഹചര്യമൊരുക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : സാധാരണ സ്കൂളുകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ 14 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 354 ആൾട്ടർനേറ്റീവ് സ്കൂളു കളിൽ 11455 കുട്ടികൾ പഠിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതോടെ ഇത്തരം ഭിന്നതല കേന്ദ്രങ്ങൾ ഇല്ലാതാകുന്നതിനാൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന രണ്ട് മാസം ഇവിടെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്ന ധനസഹായവും നിർത്തലാക്കിയിരി ക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും നടപ്പിലാകുന്നതുവരെ ഭിന്നതല

കേന്ദ്രങ്ങൾ തുടരാനും സാമ്പത്തിക ബാധ്യത സഞ്ചിതനിധിയിൽനിന്ന് വഹിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസലിന് ധനകാര്യ വകുപ്പിൽനിന്ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇവിടെ സേവനമനുഷ്ഠിക്കുന്ന വിദ്യാഭ്യാസ വോളന്റിയർമാർക്കുള്ള വേതനം നൽകുന്നതും വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാകുമ്പോൾ നിലവിൽ ജോലി ചെയ്യുന്നവരുടെ സേവനം തുടർന്നും പ്രയോജനപ്പെടുത്തുന്നതും സർക്കാർ യഥാസമയം പരിശോധിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി X-ന്റെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സംസ്ഥാനത്ത് വൈദ്യുതി വിതരണം സംബന്ധിച്ച പരാതികളും കെട്ടിട നമ്പർ ലഭ്യമാകാത്തവർക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം**

**2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബില്ലിൽ മൂന്ന് വകുപ്പുകളിലേക്കുള്ള ഭേദഗതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. 12-ാം വകുപ്പിൽ ആർ.ഡി.ഒ.യ്ക്കുള്ള അധികാരം വില്ലേജ് ഓഫീസർ മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥർക്ക് ഒഫീഷ്യലായി ഡെലിഗേറ്റ് ചെയ്യാനുള്ള ഭേദഗതിയും 13-ാം വകുപ്പിൽ നെൽവയലിനോടൊപ്പം തണ്ണീർത്തടം എന്ന ഒരുപദം കൂടി ചേർക്കാത്തതുകൊണ്ട് ചില ഘട്ടങ്ങളിൽ നിയമം നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കാനുള്ള ഭേദഗതിയും 19-ാം

വകുപ്പിൽ ആർ.ഡി.ഒ.യ്ക്കുള്ള അധികാരം വില്ലേജ് ഓഫീസർക്ക് ലഭിക്കാനുള്ള ഭേദഗതിയും ഉൾപ്പെടെ മൂന്ന് ഭേദഗതികളാണുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണം.

ശ്രീ. റ്റി.എ അഹമ്മദ് കബീർ: 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2011-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2008-ൽ സഭ അംഗീകരിച്ച നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള ഡാറ്റാ ബാങ്ക് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ 10 സെന്റും നഗരത്തിൽ 5 സെന്റും വീടിനുവേണ്ടി ഉപയോഗിക്കാൻ അനുവാദം നൽകുമ്പോൾ അങ്ങനെയുള്ളവർക്ക് ജില്ലയിൽ ഒരിടത്തും വീടുണ്ടായിരിക്കാൻ പാടില്ലെന്ന് ബില്ലിൽ നിർദ്ദേശിക്കേണ്ടതാണ്. വീട് വയ്ക്കാനുള്ള സ്ഥലം നികത്താനുള്ള അധികാരം പ്രാദേശികതല നീരീക്ഷണ സമിതിക്ക് നൽകുമ്പോൾ അതിൽ പഞ്ചായത്ത് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തണം. ജൈവ വൈവിധ്യം പരിരക്ഷിക്കപ്പെടേണ്ടത് മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണ്. ജൈവ-പാരമ്പര്യ കൃഷിരീതിയെ തിരിച്ചുകൊണ്ടുവരികയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് ഇന്ന് ലോകം മുഴുവനും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നെൽവയലുകൾ സംരക്ഷിക്കുന്നതിനും പാരമ്പര്യ കൃഷിരീതികളെ അംഗീകരിക്കുന്നതിനും നടപടികൾ ഉണ്ടാകണം. ലോകത്തിലെ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ വൈവിദ്ധ്യപൂർണ്ണമായ ജൈവസാന്നിദ്ധ്യത്തെ സംരക്ഷിക്കാൻ കിട്ടുന്ന അവസരം വിനിയോഗിക്കണം. മനുഷ്യന് മാരകമായ പുതിയ രോഗങ്ങൾ വരുന്നതിന് പ്രധാന

കാരണം ഭക്ഷണ ശൈലിയിലും ജീവിതരീതിയിലും ഉണ്ടായ മാറ്റമാണ്. അടിസ്ഥാനപരമായ പുരോഗതി ലാക്കാക്കുന്ന ഒരു ജനതയെ വാർത്തെടുക്കുക എന്നുള്ള ലക്ഷ്യമാണ് നെൽവയൽ നിയമത്തിൽ ഉദ്ദേശിക്കുന്നത്. നെൽവയലുകളും നീർത്തടങ്ങളും ജലസ്ത്രോതസ്സുകളും സംരക്ഷിക്കപ്പെടണം. ഭക്ഷ്യ വസ്തുക്കളുടെ ജൈവവൈവിദ്ധ്യം നിലനിർത്താൻ കഴിയണം. പാടശേഖരങ്ങൾ നിലനിർത്തുന്ന കർഷകരെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു നിയമത്തോട് യോജിക്കാൻ കഴിയുകയില്ല. കാർഷിക വൃത്തിയിൽനിന്നും മാറിനിൽക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ കണ്ടെത്തി പരിഹരിക്കാൻ സമഗ്രപദ്ധതികൾക്ക് രൂപം കൊടുക്കണം.

<u>ശ്രീ. സാജുപോൾ</u> 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 'എല്ലാരും പാടത്തേയ്ക്ക്', 'തരിശ് രഹിത കേരളം' എന്നീ മഹത്തായ ആശയങ്ങൾ പ്രചരിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. കേരളീയ പൈതൃകത്തിന്റെ പൂർവ്വിക സ്വത്തുക്കൾ നിലനിർത്തേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് പുതിയ തലമുറ ഒഴിഞ്ഞുമാറരുത്. പ്രകൃതിസമ്പത്ത് സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികളിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നെൽപ്പാടങ്ങൾ പരിരക്ഷിക്കുകയും കാർഷിക-ജൈവ-സാംസ്ക്കാരിക സമ്പത്തുകൾ നിലനിറുത്തുകയും നഷ്ടപ്പെട്ട ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്ത് സംസ്ഥാനത്തിന്റെ സംസ്ക്കാരവും സൗന്ദര്യവും കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ 12, 19 വകുപ്പുകൾ പ്രകാരം

ആർ.ഡി.ഒ.യ്ക്ക് കൊടുത്തിട്ടുള്ള അധികാരം വില്ലേജ് ആഫീസർമാർക്ക് നൽകാനുള്ള ഭേദഗതി ബില്ലിലെ നിർദ്ദേശം അഴിമതിക്ക് കാരണമാകുമെന്നതിനാൽ ഉപേക്ഷിക്കണം. വനം പരിസ്ഥിതി നിയമ ത്തിൽനിന്നും കാർഷിക ഭൂമി ഒഴിവാക്കാനും ഭൂ പരിഷ്ക്കരണ നിയമത്തിന്റെ അന്ത:സത്തയെത്തന്നെ ഇല്ലാതെയാക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. മീനച്ചിലാർ പദ്ധതി പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാക്കുന്നതും കുടിവെള്ള പദ്ധതികളെ അട്ടിമറിക്കുന്നതുമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുള്ളതിനാൽ ഇതുസംബന്ധിച്ച് വ്യക്തമായ പഠനം നടത്തണം. സംസ്ഥാന ഭൂനയം, പരിസ്ഥിതി നയം തുടങ്ങിയവ അംഗീകരിച്ച് ഈ നിയമം സമ്പുഷ്ടമാക്കാൻ ശ്രമിക്കണം.

ശ്രീ. എം. ചന്ദ്രൻ : 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 12, 13, 19 വകുപ്പുകൾക്കുള്ള ഭേദഗതി നടപ്പിലാക്കുന്ന തിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. നെൽകൃഷി കുറയാനുണ്ടായ സാഹചര്യത്തെക്കുറിച്ചും നെൽവയൽ നികത്താനിടയായ സാമൂഹിക പരിതസ്ഥിതികളെ സംബന്ധിച്ചും വിലയിരുത്തപ്പെടേണ്ടതുണ്ട്. ഉൽപ്പാദനച്ചെലവിനനുസൃതമായി നെല്ലിന് വിലയില്ലാതാവുകയും മറ്റ് നാണ്യ വിളകൾക്ക് കൂടുതൽ വില ലഭ്യമാവുകയും ചെയ്ത സാഹചര്യത്തിലാണ് കേരളത്തിൽ നെൽകൃഷി അന്യം നിന്നുപോയതെന്ന കാര്യം നിഷേധി ക്കാനാവില്ല. നെൽകൃഷിക്കുപുറമെ മറ്റ് അനുബന്ധ കൃഷിയും പാലുൽപ്പാദനവും ഇല്ലാതാവുകയും ഭൂമിയുടെ ഫലഭൂയിഷ്ഠത ഇല്ലാതാവുകയും ചെയ്തു. കൃഷിക്കാരെ രാസവളങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിച്ച് കൃഷിയെ നശിപ്പിച്ചതിനുപിന്നിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് പങ്കുണ്ടെന്നത് യാഥാർത്ഥ്യമാണ്. നെൽകൃഷി നശിക്കുന്നതുമൂലം

കുടിവെള്ളക്ഷാമം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ ദൂരവ്യാപക ഫലങ്ങളുണ്ടാകാൻ ഇടയാകും. പരിസ്ഥിതി സംരക്ഷിക്കപ്പെടാൻ എല്ലാ ജീവജാലങ്ങളുടേയും നിലനിൽപ്പുണ്ടാകണം. നെൽക്കൃഷി സംരക്ഷിക്കപ്പെടേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. നിലവിലുള്ള ഭൂ പരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കുന്ന തരത്തിലുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിശോധിക്കപ്പെടണം. 19-ാം വകുപ്പുപ്രകാരം പിടിച്ചെടുത്ത ഉപകരണങ്ങൾ സംബന്ധിച്ച് കളക്ടർക്ക് തീരുമാനമെടുക്കുന്നതിനുള്ള സമയക്ലിപ്തതയുടെ കാര്യത്തിൽകൂടി വ്യക്തതയുണ്ടാകണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കേരളത്തിലെ കൃഷിയിടങ്ങൾ സംരക്ഷിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പാരിസ്ഥിതിക അവസ്ഥ നിലനിർത്തിക്കൊണ്ട് നെൽകൃഷി ലാഭകരമാക്കുന്നതിനും അനുബന്ധകൃഷികൾ പരിപോഷിപ്പിക്കുന്നതിനും സമഗ്ര പദ്ധതികൾ ആവിഷ്ക്കരിക്കണം. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഭേദഗതികൾ നടപ്പിലാക്കുന്നതുവഴി വില്ലേജ് ഓഫീസർമാർക്കുണ്ടാകുന്ന ജോലിഭാരം കുറയ്ക്കാനുള്ള സംവിധാനമേർപ്പെടുത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നതാണ്. 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമത്തിലെ മൂന്ന് വകുപ്പുകൾക്കാണ് ഈ ബില്ലിലൂടെ ഭേദഗതി കൊണ്ടുവരുന്നത്. പന്ത്രണ്ടാം വകുപ്പിൽ ആർ.ഡി.ഒ.-യ്ക്ക് നൽകിയിരുന്ന അധികാരം വില്ലേജ് ഓഫീസർമാർക്ക് നൽകുന്നതുവഴി ജോലിഭാരം ലഘൂകരിക്കാൻ

കഴിയുന്നതാണ്. പതിമൂന്നാം വകുപ്പിൽ 'നെൽവയലുകൾ' എന്ന വാക്കുകൾക്കൊപ്പം 'തണ്ണീർത്തടം' എന്ന വാക്കുകൂടി ചേർക്കുന്നു. പന്ത്രണ്ടാം വകുപ്പിന്റെ അനുബന്ധ വകുപ്പെന്ന നിലയിൽ പത്തൊൻപതാം വകുപ്പിലും ആർ.ഡി.ഒ.-യ്ക്കു പകരം വില്ലേജ് ഓഫീസർക്ക് അധികാരം നൽകുന്നതാണ്. ഗവൺമെന്റിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലം പൊതുആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകാനുള്ള പ്രൊവിഷൻ സംബന്ധിച്ച അപാകത പരിഹരിക്കും. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും. നെൽകൃഷി ഒരിക്കലും സാദ്ധ്യമല്ലെന്ന് പൂർണ്ണബോധ്യമുള്ള സ്ഥലം തരിശു ഭൂമിയാക്കിയിടാതെ മറ്റ് കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്നതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കുന്നതാണ്. നീർച്ചാലുകൾ അടയ്ക്കുന്നത് കുറ്റമായിക്കണ്ട് അതിന്റെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ കോ-ഓർഡിനേഷനുണ്ടാക്കി വാട്ടർ മാനേജ്മെന്റിന് ഒരു പ്ലാൻ തയ്യാറാക്കിയാൽ തരിശായി കിടക്കുന്ന കുറേ ഭൂമി കൃഷി യോഗ്യമാക്കുവാൻ കഴിയും. ഈ ഭേദഗതി ബില്ലിനോടൊപ്പം ഒറിജിന ലായിട്ടുള്ള ഫൈനൽ നോട്ടിഫിക്കേഷനും സമയബന്ധിതമായി നടപ്പാക്കണ മെന്ന നിർദ്ദേശവും നെൽകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കാനുള്ള നിർദ്ദേശവും സബ്ജക്ട് കമ്മിറ്റി തലത്തിൽ ആലോചിക്കാവുന്നതാണ്. 2008-ലെ നിയമത്തിൽ കുറച്ചുകാര്യങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടുള്ളതാണ് ഇപ്പോഴത്തെ ഈ ഭേദഗതി. മൂന്നാറിലെ കൈയേറ്റ ഭൂമി ഒഴിപ്പിക്കുന്നതിന് സർവ്വകക്ഷി തീരുമാനമനുസരിച്ച്

എടുത്തിട്ടുള്ള നടപടികളിൽനിന്നും സർക്കാർ പിന്നോട്ട് പോവുകയില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂ നികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

**ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം**

**സബ്സിഡി നിരക്കിലുള്ള പാചകവാതക സിലിണ്ടറുകളുടെ വിതരണം**

ശ്രീ. എളമരം കരീം: "സബ്സിഡി നിരക്കിൽ നൽകുന്ന പാചകവാതക സിലിണ്ടറിന്റെ എണ്ണം വർഷത്തിൽ നാലായി വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര മന്ത്രിതല സമിതിയുടെ ശുപാർശ നടപ്പാക്കാനുള്ള നീക്കം സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കളെയാകെ അമ്പരപ്പിക്കുകയും ആശങ്കയിലാഴ്ത്തുകയും ചെയ്തിരിക്കുന്നു. അത്യന്തം ഗുരുതരമായ ഈ വിഷയം സഭ ചർച്ചചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന പാചകവാതക സിലിണ്ടറുകൾ ഒരു കുടുംബത്തിന് വർഷത്തിൽ നാലെണ്ണം നൽകിയാൽ മതി എന്ന് കേന്ദ്ര മന്ത്രിസഭ ഉപസമിതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്ന ശുപാർശ ജനങ്ങളെ വളരെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. കൂടുതൽ സിലിണ്ടറുകൾ ആവശ്യമാണെങ്കിൽ സിലിണ്ടറൊന്നിന് 800 രൂപ വച്ച് വില നൽകണമെന്നാണ് ഉപസമിതിയുടെ നിർദ്ദേശം. നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലാവരും പാചകവാതകമാണ്

ഉപയോഗിക്കുന്നത്. ജനങ്ങളുടെ ജീവിതഭാരം ഉയർത്തിക്കൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച് സ്വതന്ത്ര കമ്പോള വ്യവസ്ഥ യിലേക്ക് രാജ്യത്തെ കൊണ്ടെത്തിക്കാനുള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. പാചകവാതകം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ അവശ്യസാധന ങ്ങൾ വൻകിട കുത്തകകളുടെ ലാഭത്തിനുവേണ്ടി വിൽപ്പന നടത്താൻ അനുവദിക്കരുത്. സബ്സിഡി നൽകാൻ പണമില്ല എന്ന കേന്ദ്രഗവൺമെന്റ് നിലപാട് നീതീകരിക്കാനാവില്ല. ഇൻഡ്യാ ഗവൺമെന്റിന് പെട്രോളിയം ഉൽപ്പന്ന മേഖലയിൽ നിന്ന് ഒരു വർഷം ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ചെറിയ അംശം മാത്രമേ സബ്സിഡി ഇനത്തിൽ ചെലവാകുന്നുള്ളൂ. അന്താരാഷ്ട്ര കമ്പോളത്തിൽ ഓയിലിന്റെ വില കൂടുന്നതുകൊണ്ടാണ് പാചകവാതകത്തിന്റെ വിലവർദ്ധിപ്പിച്ചത് എന്ന വാദം അടിസ്ഥാന രഹിതമാണ്. ലോകത്തേറ്റവും കൂടിയ വിലയ്ക്ക് പെട്രോളിയം ഉൽപ്പന്ന ങ്ങൾ വിൽക്കുന്ന രാജ്യമായി ഇൻഡ്യ മാറിയിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ ചുമത്തുന്ന എക്സൈസ് തീരുവയോ കസ്റ്റംസ് ഡ്യൂട്ടിയോ കുറവ് വരുത്താൻ ഒരു നടപടിയും കേന്ദ്രഗവൺമെന്റ് സ്വീകരി ക്കുന്നില്ല. ഇതുമൂലം നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധിക്കുന്ന സ്ഥിതിയാണുള്ളത്. വിലവർദ്ധനവ് തടഞ്ഞുനിറുത്തുന്നതിനും അവശ്യവസ്തുക്കൾക്ക് ന്യായമായ വില ഏർപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം. 1989-ൽ ഒരു ലിറ്റർ പെട്രോളിന്റെ വില 8.50 രൂപയായിരുന്നുവെങ്കിൽ ഇന്ന് 63 രൂപയാണ്. ഈ കാലയളവിൽ ക്രൂഡോയിലിന് 450 ശതമാനം മാത്രമാണ് വിലവർദ്ധനവുണ്ടായിട്ടുള്ളത്. ഡീസലിന്റെ ചില്ലറ വിൽപ്പനവിലയിൽ 1171 ശതമാനവും പാചകവാതക ചില്ലറ വിൽപ്പനവിലയിൽ 694 ശതമാനവും വില

വർദ്ധനവുണ്ടായിട്ടുണ്ട്. 2010-ൽ ഇൻഡ്യയിലെ എണ്ണക്കമ്പനികൾ 40,000 കോടി രൂപയാണ് ലാഭമുണ്ടാക്കിയത്. ഒരു വർഷം 35,000 കോടി രൂപ സബ്സിഡിയായി പെട്രോളിയം മേഖലയിൽ ജനങ്ങൾക്ക് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് യാതൊരു പ്രയാസവും ഉണ്ടാകുകയില്ല. സബ്സിഡിയോടുകൂടി വിതരണം നടത്തുന്ന പാചകവാതക സിലിണ്ടറുകളുടെ എണ്ണം നിയന്ത്രിക്കാനുള്ള നീക്കം ഉപേക്ഷിക്കണം എന്ന് സഭ ഒന്നാകെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. പാചകവാതക സിലിണ്ടറിന്റെ നിയന്ത്രണം ഇന്ധന ദൗർലഭ്യത്തിനും ജനങ്ങളുടെമേൽ അമിതഭാരം ഉണ്ടാക്കുന്നതിനും ഇടയാക്കും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് ഉണ്ടാകുമ്പോൾ കേന്ദ്രം നികുതി കുറയ്ക്കുന്നില്ല എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ പ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായപ്പോൾ ക്രൂഡോയിലിന്റെ കസ്റ്റംസ് തീരുവ പൂർണ്ണമായും ഒഴിവാക്കുകയും ഡീസലിന്റെ എക്സൈസ് തീരുവയിൽ കുറവ് വരുത്തുകയും ചെയ്തു. ഈ നികുതി കുറവിലൂടെ കേന്ദ്ര സർക്കാരിന് പ്രതിവർഷം 49,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിലെ വിലവർദ്ധനവിന്റെ പശ്ചാത്തലത്തിൽ പൊതുമേഖല എണ്ണക്കമ്പനികൾക്ക് ഇതുവരെ 1,71,741 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ONGC-യും കേന്ദ്ര സർക്കാരും ഗ്യാസ് അതോറിറ്റിയും എണ്ണക്കമ്പനികൾക്ക് 71,297 കോടി രൂപയാണ് കഴിഞ്ഞ

വർഷം സബ്സിഡിയായി നൽകിയിട്ടുള്ളത്. ഇൻഡ്യയുടെ ഇന്ധന ആവശ്യങ്ങളിൽ 84 ശതമാനവും ഇറക്കുമതി ചെയ്യപ്പെടുന്നതിനാൽ അന്താരാഷ്ട്ര വിലയുമായി ബന്ധപ്പെടുത്തി മാത്രമേ ആഭ്യന്തരവില നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന നികുതി ഡീസലിന് 24.6 ശതമാനവും പെട്രോളിന് 26 ശതമാനവും വാണിജ്യാവശ്യത്തിനുള്ള എൽ.പി.ജി.ക്ക് 12.5 ശതമാനവും ഗാർഹികാവശ്യത്തിനുള്ളത് 4 ശതമാനവും ആണ്. ഒരു സിലിണ്ടറിന് 416 രൂപയാണ് വില. ദുരുപയോഗപ്പെടുത്തുവെന്നതിന്റെ പേരിൽ സാധാരണക്കാർ ഉപയോഗിക്കുന്ന പാചകവാതക സിലിണ്ടറിന് നിയന്ത്രണം വരുത്താൻ പാടില്ല. 2020-നുശേഷം എണ്ണ ഉൽപ്പാദനം കുറയുമെന്നതിനാൽ എനർജി യൂട്ടിലൈസേഷന്റെ കാര്യത്തിൽ നിയന്ത്രണം പാലിക്കണം. ഗാർഹികാവശ്യത്തിനുള്ള സബ്സിഡൈസ്ഡ് ഗ്യാസ് സിലിണ്ടറിന്റെ ദുരുപയോഗം തടയുന്നതിനും ഇ.സി. ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഒരു വർഷം നാല് സിലിണ്ടർ എന്ന നിയന്ത്രണം കൊണ്ടുവരുന്നത് കേന്ദ്ര മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ പ്രകാരമാണ്. ഇത് റിലയൻസ് ഉൾപ്പെടെയുള്ള കോർപ്പറേറ്റുകളെ സഹായിക്കുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനും ഇടയാക്കും. ഈ ശുപാർശയ്ക്കെതിരെയുള്ള കേരള ജനതയുടെ വികാരം കേന്ദ്രത്തെ അറിയിക്കുവാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാകണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഗാർഹികാവശ്യത്തിനു വേണ്ടി അനുവദിക്കുന്ന നാല് പാചകവാതക സിലിണ്ടറുകൾക്ക് പുറമേ ഉപയോഗിക്കുന്ന ഓരോ സിലിണ്ടറിനും 800 രൂപ കൊടുക്കണമെന്ന യാഥാർത്ഥ്യബോധമില്ലാത്ത ശുപാർശ പിൻവലിക്കണം. ഇറക്കുമതി ചെയ്യുന്ന പെട്രോളിയം ഉല്പന്നങ്ങളുടെ അന്താരാഷ്ട്ര വില യിലുണ്ടാകുന്ന ചാഞ്ചാട്ടം കേരളത്തിലെ ജനജീവിതം ദുസ്സഹമാക്കുന്ന സാഹചര്യമുണ്ടാക്കുന്നു. പെട്രോളിയം ഉല്പന്നങ്ങൾ ഇന്ത്യയിൽ ഉല്പാദിപ്പി ക്കുന്നതിന് കൂടുതൽ എണ്ണപ്പാടങ്ങൾ കണ്ടെത്തുന്നതിനെക്കുറിച്ചും പ്രകൃതിദത്തമായ ഇന്ധനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും സൂര്യ പ്രകാശത്തിൽ നിന്നും കാറ്റിൽനിന്നുമുള്ള ഊർജ്ജം സംഭരിച്ച് സൗരോർജ്ജ പാനൽ കൊണ്ടുവരുന്നതിനെക്കുറിച്ചും ചിന്തിക്കണം. വർഷത്തിൽ നാല് പാചകവാതക സിലിണ്ടർ എന്നുള്ള ശുപാർശ നടപ്പാക്കാൻ പാടില്ല.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സബ്സിഡി ഇനത്തിൽ നൽകുന്ന പാചകവാതക സിലിണ്ടറിന്റെ എണ്ണം വർഷത്തിൽ നാലായി വെട്ടിക്കുറയ്ക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കേന്ദ്രത്തെ അറിയിക്കണം. ഇൻഡ്യയിലെ പന്ത്രണ്ടരക്കോടി കുടുംബങ്ങളെ ബാധിക്കുന്നതാണ് ഈ ശുപാർശ. ഓരോ തവണയും സബ്സിഡി വെട്ടിക്കുറച്ച് വിലക്കയറ്റം ഉണ്ടാക്കുന്ന പ്രവണതയ്ക്കും പരിഹാരം കാണണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അന്താരാഷ്ട്ര കമ്പോളത്തിൽ അസംസ്ക്കൃത എണ്ണയുടെ വില ഉയർന്നതി നാൽ എണ്ണക്കമ്പനികൾക്ക് നഷ്ടമുണ്ടാകുന്നു എന്ന് ചൂണ്ടിക്കാണിച്ചാണ് കേന്ദ്ര ഗവൺമെന്റ് ജനജീവിതത്തെ തകർക്കുന്ന ഇത്തരം

നയസമീപനങ്ങൾ സ്വീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഒൻപത് പ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുകയുണ്ടായി. ഈ പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതിന് കേരളത്തിൽ നിന്നുള്ള സർവ്വകക്ഷി സംഘം കേന്ദ്രത്തിലേക്ക് പോകണം.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സബ്സിഡി നിരക്കിൽ നൽകുന്ന പാചകവാതക സിലിണ്ടറുകളുടെ എണ്ണം കുറയ്ക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം പ്രതിഷേധാർഹമാണ്. ഇൻഡ്യയിൽ എണ്ണ പര്യവേക്ഷണം നടത്താനും ഉപയോഗപ്പെടുത്താനുമുള്ള നീക്കങ്ങൾ നടത്തണം. സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്ന നടപടിയിൽനിന്നും കേന്ദ്ര ഗവൺമെന്റ് പിൻതിരിയണം.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാചക വാതകത്തിന് ഗവൺമെന്റ് ഇപ്പോൾത്തന്നെ ഒരു സിലിണ്ടറിന് ഏകദേശം 353 രൂപ സബ്സിഡി നൽകുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷനും ഭാരത് പെട്രോളിയവും ഹിന്ദുസ്ഥാൻ പെട്രോളിയവുമെല്ലാം 450 കോടി രൂപ ഓരോ ദിവസവും നഷ്ടം സഹിക്കുന്നതായി പറയപ്പെടുന്നു. പാചക വാതകത്തിന്റെ കാര്യത്തിൽ മാത്രമല്ല മറ്റെല്ലാ വസ്തുക്കളുടെയും വില എല്ലാ വർഷവും ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന നിർഭാഗ്യകരമായ സാഹചര്യമുണ്ട്. താൽക്കാലികമായ ആശ്വാസനടപടികൾ മാത്രമേ ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നുള്ളൂ. ഒരു ബദൽ ഊർജ്ജ സ്രോതസ്സിനെക്കുറിച്ചുള്ള അന്വേഷണം നടത്താൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അത് പ്രയോജനപ്പെടുത്തുന്നതിനും സംസ്ഥാനതലത്തിൽ പ്രത്യേക ഊർജ്ജ വകുപ്പ് രൂപീകരിക്കണം. പ്രസ്തുത

വകുപ്പ് ജൈവമാലിന്യങ്ങളിൽനിന്ന് ഗ്യാസ് ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ചും സോളാർ എനർജി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കണം. പാചകവാതക സിലിണ്ടറിന്റെ എണ്ണം വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്രമന്ത്രിതല സമിതിയുടെ ശുപാർശ നടപ്പാക്കുന്നത് ജനജീവിതം ദുസ്സഹമാക്കുമെന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

ഡോ. റ്റി.എം. തോമസ് ഐസക് : പാചകവാതക സിലിണ്ടറുകളുടെ എണ്ണം കുറയ്ക്കുവാനുള്ള നീക്കത്തിലൂടെ സബ്സിഡി സമ്പ്രദായത്തെയാകെ തകർക്കുന്നതിനാണ് കേന്ദ്ര സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. എണ്ണക്കമ്പനികൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കേന്ദ്ര സർക്കാരിന്റെ വാദം ശരിയല്ല. സർക്കാർ കൊടുക്കുന്ന സബ്സിഡിയേക്കാൾ വളരെ കൂടുതലാണ് സർക്കാരിന് ഈ മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം. ക്രൂഡ് ഓയിലിന്റെ വിലവർദ്ധനവ് എണ്ണവിലയിലും പ്രതിഫലിക്കും. കഴിഞ്ഞ 20 വർഷത്തെ കണക്ക് നോക്കിയാൽ പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ് ക്രൂഡ് ഓയിലിന്റെ വിലവർദ്ധനവിനേക്കാൾ എത്രയോ കൂടുതലാണെന്ന് കാണാൻ സാധിക്കും. സബ്സിഡി നിരക്കിൽ നൽകുന്ന പാചക വാതക സിലിണ്ടറുകളുടെ എണ്ണം വർഷത്തിൽ നാലായി പരിമിതപ്പെടുത്താനുള്ള നീക്കം ശരിയല്ല. എൽ.പി.ജി., പെട്രോൾ, ഡീസൽ, ഫർണസ് ഓയിൽ, ടാർ എന്നിങ്ങനെ ഓരോ ഉൽപ്പന്നത്തിന്റെയും കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ നിർവ്വചിക്കാതെ വിദേശ രാജ്യങ്ങളിലുള്ള വിലയുമായി താരതമ്യം ചെയ്തുകൊണ്ട് എൽ.പി.ജി. വിൽക്കുമ്പോൾ ഇത്ര രൂപയുടെ നഷ്ടമുണ്ടാകുന്നു എന്ന പ്രസ്താവന നടത്തുന്നത് ജനങ്ങളിൽ ആശങ്കയുണർത്തുന്നതിനാണ്. എൽ.പി.ജി.യുമായി ബന്ധപ്പെട്ട് ഒരു കുടുംബത്തിന് സബ്സിഡിയോടുകൂടി എത്ര സിലിണ്ടറിന്

അർഹതയുണ്ടെന്ന് തീരുമാനിച്ചതിനുശേഷം എണ്ണക്കമ്പനികളിൽനിന്ന് ലഭ്യമാകുന്ന ഡാറ്റാ ഐഡന്റിഫിക്കേഷൻ ഡീറ്റെയിൽസുമായി സംയോജിപ്പിച്ച് നാല് സിലിണ്ടറിനുള്ള സബ്സിഡി ക്യാഷായി ട്രാൻസ്ഫർ ചെയ്തുകൊടുത്താൽ അതിന് നല്ല സ്വീകാര്യതയുണ്ടാകും. രാജ്യത്തിന്റെ പ്രതിശീർഷ ഊർജ്ജ ഉപഭോഗം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. മണ്ണെണ്ണയ്ക്ക് ക്യാഷ് ട്രാൻസ്ഫർ രീതിയാണ് കൊണ്ടുവരാൻ പോകുന്നതെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. യൂണിക് ഐഡന്റിഫിക്കേഷൻ സമ്പ്രദായം ഉപയോഗിച്ച് സബ്സിഡി ഇല്ലാതാക്കുന്ന പരിഷ്ക്കാരങ്ങളിലേക്ക് നീങ്ങുന്നുവെന്ന പ്രഖ്യാപനമാണ് കേന്ദ്ര സർക്കാർ ഈ നടപടിയിലൂടെ സ്വീകരിച്ചിട്ടുള്ളത്.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സബ്സിഡി നിരക്കിൽ നൽകുന്ന പാചകവാതക സിലിണ്ടറുകളുടെ എണ്ണം കുറയ്ക്കാനുള്ള നീക്കം സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിക്കുന്നതിനുവേണ്ടിയാണ് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. 12-07-2011-ന് സഭയിൽ സബ്മിഷൻ ഉന്നയിച്ചപ്പോൾ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 14-07-2011-ൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയും ഇത്തരമൊരു നീക്കത്തിൽനിന്ന് പിൻതിരിയണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മന്ത്രിതല സമിതിയുടെ ശുപാർശയോടെയാണ് പാചകവാതക സിലിണ്ടറുകളുടെ എണ്ണം കുറയ്ക്കുന്നതെന്ന് പ്രമേയാവതരാകൻ പറതെഞ്ഞങ്കിലും ഇക്കാര്യം മന്ത്രിതല സമിതിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല. സബ്സിഡി

കൊടുക്കുന്നതാണോ സബ്സിഡി കുറയ്ക്കുന്നതാണോ ജനങ്ങൾക്ക് കൂടുതൽ ആശ്വാസം നൽകുന്നത് എന്നത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. വിവിധ ഗവൺമെന്റ് സെക്രട്ടറിമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന ടാസ്ക് ഫോഴ്സ് നടത്തിയ പഠനം അപ്രസക്തമാണെന്ന് പറയാൻ സാധ്യമല്ല. ടാസ്ക് ഫോഴ്സ് കേന്ദ്ര സർക്കാരിനു നൽകിയ ചില സജഷൻസ് ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഒരു ഇഷ്യൂ വന്നാൽ അതിനെ സംബന്ധിച്ച് പഠനം നടത്താൻ എക്സ്പെർട്ട്സിനെ ചുമതല പ്പെടുത്തേണ്ടതും റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ തീരുമാനം എടുക്കേണ്ടതും സർക്കാരാണ്. ഡൊമസ്റ്റിക് പർപ്പസിനാണ് 89 ശതമാനം എൽ.പി.ജി.യും ഉപയോഗിക്കുന്നത്. ടാസ്ക് ഫോഴ്സിന്റെ കണക്കനുസരിച്ച് ഇൻഡ്യയിൽ പന്ത്രണ്ടരക്കോടി ജനങ്ങൾക്ക് എൽ.പി.ജി.യുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇൻഡ്യയിൽ പാചകവാതകം ഉപയോഗിക്കുന്ന ആളുകൾ 50 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 90 ശതമാനമാണ്. കേന്ദ്ര സർക്കാർ കണക്കനുസരിച്ച് കഴിഞ്ഞ വർഷം കസ്റ്റമേഴ്സിനുള്ള ടോട്ടൽ സബ്സിഡി 15,212 കോടി രൂപയാണ്. അത് യഥാർത്ഥ ബെനിഫിഷ്യറീസിന് പോകാതെ ബ്ളാക്ക് മാർക്കറ്റിലേയ്ക്ക് പോകുന്നുവെന്ന ആക്ഷേപമാണ് പ്രധാനമായും വന്നിരിക്കുന്നത്. ഒരു സാധാരണ കുടുംബത്തിന് ഒരു വർഷം 12 സിലിണ്ടറെങ്കിലും വേണ്ടി വരും. കേരളത്തിൽ പാചകത്തിനും വിളക്കുകത്തിക്കാനുമായി കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ അളവും കുറഞ്ഞുവരികയാണ്. ഗാർഹികാവശ്യത്തിന് കൊടുക്കുന്ന മണ്ണെണ്ണയുടെ അളവ് ആഗസ്ററ് മാസം മുതൽ ഒന്നര ലിറ്റർ ആക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങൾക്ക് ഗാർഹികാവശ്യങ്ങൾക്കു വേണ്ടി പാചകവാതകത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ടാസ്ക്

ഫോഴ്സിന്റെ ശുപാർശ കേന്ദ്ര ക്യാബിനറ്റ് സബ് കമ്മിറ്റി പരിഗണിക്കുമ്പോൾ അംഗീകരിക്കരുത് എന്ന കാര്യം സബ്സ്റ്റാന്റീവ് മോഷനായി അവതരിപ്പിക്കുന്നു.

**ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം**

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): "സബ്സിഡി നിരക്കിൽ നൽകുന്ന പാചകവാതക സിലിണ്ടറുകളുടെ എണ്ണം കുറയ്ക്കുവാനുള്ള കേന്ദ്ര ഉദ്യോഗസ്ഥതല ശുപാർശ അംഗീകരിക്കരുതെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

സഭ ഉച്ചയ്ക്ക് ശേഷം 3.34-ന് പിരിഞ്ഞു.

-----------